For Private Circulation only.

# റോമാരഹസ്യങ്ങൾ.

അഥവാ

## പാപ്പാമതത്തിന്റെ എക്സറെ പരിശോധന.

(ഒന്നാംഭാഗം.)

ഗ്രന്ഥകൎത്താ:

...ൻ. സി. ഡേവീഡ് കുന്നംകുളം.

കോപ്പി 2000.

(All rights Reserved)

പകൎപ്പവകാശം ഗ്രന്ഥകൎത്താവിന്നു.

Panchangam Press, Kunnamkulam.

106
625
1931

വില രണ്ടു ചക്രം.

# റോമാ രഹസ്യങ്ങൾ.

ORTHODOX THEOLOGICAL SEMINARY
M. O. C. M.
ARCHIVES
KOTTAYAM

## പീഠിക.

വിദേശികളുടെ ധനമോഹം നിമിത്തം ഇക്കഴിഞ്ഞ ഇരുപതു കൊല്ലങ്ങളായിട്ടു മലങ്കരസഭയിൽ പല അസ്വസ്ഥതകൾ ഉണ്ടായിട്ടുള്ളതു് എങ്ങിനെയാണു നശിപ്പിക്കേണ്ടതെന്നു സമുദായസ്നേഹികൾ വേദനപ്പെട്ടു ചിന്തിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ "പുരകത്തുമ്പോൾ വാഴ വെട്ടുക" യെന്ന സമ്പ്രദായം അനുസരിച്ചു് ഏതാനും സഭാദ്രോഹികൾ സഭയെ വേറൊരു വിദേശസഭയുടെ അടിമയാക്കാൻ ചെയ്യുന്ന ശ്രമം കുപ്രസിദ്ധമായിട്ടുണ്ടല്ലൊ. ഈ ശ്രമത്തിന്റെ ഒരു ലക്ഷ്യമാണു രണ്ടു റെമ്പാന്മാർ കൂടി ഈയിടെ പ്രസിദ്ധപ്പെടുത്തിയ "കുഴൽ കണ്ണാടി" യെന്ന പുസ്തകം. സാധനങ്ങളെ ശരിയായ വിധം പ്രതിഫലിപ്പിക്കാതെ അതുകളെ വികൃതമാക്കി കാണിക്കുന്ന ഒരു തരം കണ്ണാടികളുള്ളതിനോടു് ഈ പുസ്തകത്തെ ഉപമിക്കാം. പാപ്പായ്ക്കു കീഴ്പ്പെട്ടിരിക്കുന്ന ഒരു അന്ത്യോക്യാ പാത്രിയക്കീസ്സുണ്ടെന്നും സുറിയാനിക്കാർ അദ്ദേഹത്തിന്റെ കീഴിൽ നില്ക്കണമെന്നും [illegible] യായാൽ "പരമാധികാരി മാർപ്പാപ്പാ തിരുമേ

നിയാണെന്നൊരു വ്യത്യാസം മാത്രം" ഉള്ളു എന്നും-
സമർത്ഥിക്കാനാണു ഈ പുസ്തകം പ്രസിദ്ധപ്പെടുത്തിട്ടുള്ള
ത്. നമ്മുടെ സഭയിൽ നിന്നാൽ മോക്ഷപ്രാപ്തിക്കു ത-
ടസ്സമില്ലെന്നു റോമൻ കത്തോലിക്കർ ചിലപ്പോൾ പറ
യും. അടുത്തു മുട്ടുമ്പോൾ പാപ്പായെ സ്വീകരിക്കാത്ത
വർക്കു മോക്ഷമില്ലെന്ന് അവർ വാദിക്കും. എന്നാൽ പ്ര
സ്തുത പുസ്തക കർത്താക്കന്മാരേയും അവരുടെ കൂട്ടുകാരേയും
സഭാ ദ്രോഹകരമായ ഈ പ്രവൃത്തിക്കു പ്രേരിപ്പിച്ചതു
മോക്ഷം കിട്ടാനുള്ള മോഹമോ നരകത്തിൽ പോകാനു
ള്ള ഭയമൊ അല്ലെന്നു ടി. പുസ്തകം 220-ാം പേജു നോ
ക്കിയാൽ കാണാം. "കാലം ചെയ്ത (പുലിക്കോട്ട്) തിരു
മേനിയെ മെത്രാപ്പോലീത്തായെന്നുള്ള നിലയിൽ സ്വീക
രിക്കാമെന്നും തൽക്കാലം 50000 രൂപാ പാരിതോഷിക
മായി നൽകാമെന്നും മററുമായിരുന്നു ദലഗാദ് അപ്പോ
സ്തോലിക്ക അന്നു പറഞ്ഞതെന്നു" ഈ പേജിൽ കാണു
ന്നു. ഇതെഴുതിയപ്പോൾ എഴുത്തുകാരന്റെ വായിൽ
നിന്നു വെള്ളം ഒലിച്ചു കാണണം. യൂദാസ്കറിയോത്താ
യുടെ 30 വെള്ളിക്കാശിന്റെ വില ഇവിടെ കാണുന്നുണ്ട്.
പണ്ടു അമ്പതിനായിരമെങ്കിൽ ഇപ്പോൾ- രണ്ടുലക്ഷ
ത്തിനു യാതൊരു പ്രയാസവുമില്ല. മുസ്സോലിനി പാപ്പാ
യെ ഈയിടെ നൂററിൽ ചില്വാനം ഏക്കർ ഭൂമിയുടെ
ചക്രവർത്തിയാക്കിയപ്പോൾ ഇററാലിയൻ ഗവർമ്മെണ്ടിൽ
നിന്നു പാപ്പക്കു അനേകലക്ഷം ലീറാ ദാനമായി കൊടു

ലോകം അത്ര മുഴുവൻ വിദേശങ്ങളിൽ വേദപ്രചാരണം നടത്താൻ പാപ്പാ മാററിവയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. അതിന്റെ ഒരംശം തട്ടിയെടുക്കാൻ ചില വിദ്വാന്മാർ ശ്രമിക്കുന്നതിൽ ആശ്ചര്യപ്പെടാനില്ല. പക്ഷെ ഇതൊരു ഹീനംകെട്ട തൊഴിലാണെന്നു സമ്മതിക്കാതെ കഴിക യില്ല.

## നമ്മുടെ സഭ.

സുറിയാനിസഭ പല വിഷമഘട്ടങ്ങളിൽക്കൂടി കടന്നു പോന്നിട്ടുണ്ട്. കൂനൻ കുരിശ് അതിന്റെ ചരിത്രത്തിൽ എന്നും കാലത്തും പരിശോഭിക്കുന്ന ഒരു പ്രധാന ഘട്ടമാണ്. നമ്മുടെ സഭയെ ചതിയാലും രാജശക്തി സഹായാ ആക്രമണം കീഴ്പ്പെടുത്തിയതിൽ നിന്ന് അതിനെ വിമോചിപ്പിക്കാനാണു നമ്മുടെ കാരണവന്മാർ കൂനൻ കുരിശിൽ കയറുകെട്ടി സത്യം ചെയ്തത്. ആ കാരണവന്മാരുടെ രക്തം നമ്മുടെ നാഡികളിൽ കൂടി ഒഴുകുന്ന കാലത്തോളം സഭയെ ഒററിക്കൊടുക്കാൻ ചുരുക്കം ചില സ്വാർത്ഥ സ്ക്കറിയോത്തന്മാർ ചെയ്യുന്ന ശ്രമം ഫലിക്കയില്ല. റോമ്മാസഭ സ്വാതന്ത്ര്യത്തിന്റെ പരമശത്രുവാണ്. നാമൊ സ്വാതന്ത്ര്യത്തെ കാംക്ഷിക്കുന്നവർ. നാം റോമാക്കാരായാൽ പാപ്പായുടെ അടിമകളാകയും അസ്വാതന്ത്ര്യശൃംഖലകൾ നമ്മുടെ കാലിൽ അടിച്ചുറപ്പിക്കയും ചെയ്യുന്നതാണ്. ചുരുക്കം ചില സംഗതികൾ ഒന്നൊന്നായി ഇതു വിശദപ്പെടുത്താം.

# വിദ്യാഭ്യാസം.

മെനെസിസ്സിന്റെ ശ്രമം പൂൎണ്ണമായി ഫലിക്കുകയും കൂനൻ കുരിശു സത്യം ഉണ്ടാകാതിരിക്കുകയും ചെയ്തു എന്നു വിചാരിക്കുക. വല്ല സംഗതിവശാലും കേരളത്തിൽ പ്രോട്ടസ്റ്റന്റു മിഷ്യനറിമാർ വരാതിരുന്നു എന്നും വിചാരിക്കുക. അങ്ങനെയെങ്കിൽ ഇന്നു കേരളത്തിൽ റോമ്മാക്കാരനല്ലാത്ത ഒരൊററ ക്രിസ്ത്യാനിയെ കാണുകയില്ലായിരുന്നു. അവരെല്ലാം പ്രായേണ പുലയർ, പറയർ മുതലായ അധഃകൃതരുടെ സ്ഥിതിയെ അവലംബിക്കുമായിരുന്നു. ഇംഗ്ലീഷു വിദ്യാഭ്യാസം ആദ്യമായി കേരളത്തിൽ പ്രചരിക്കാൻ തുടങ്ങിയപ്പോൾ ഇംഗ്ലീഷ് ശീമക്കാരുടെ ഭാഷയാണെന്നും കത്തോലിക്കരാരും അതു പഠിക്കരുതെന്നും മെത്രാന്മാർ വിലക്കി. ആ കേട് ഇന്നും തീൎന്നിട്ടില്ല. അകത്തോലിക്കർ പല വിധത്തിൽ ഉയൎന്നുപോകുന്നു എന്നു കണ്ടു കത്തോലിക്കർ അസ്വസ്ഥരാകയും ഈ അസ്വസ്ഥത തടയാനായി അനേകവഷം കഴിഞ്ഞപ്പോൾ കത്തോലിക്കർ തന്നെ ഇംഗ്ലീഷ് വിദ്യാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തു കേരളത്തിൽ അകത്തോലിക്കർ ഇല്ലായിരുന്നു എങ്കിൽ ഇങ്ങനെ സംഭവിക്കുകയില്ലായിരുന്നു. ഇങ്ങനെ സകല വിധത്തിലും അകത്തോലിക്കർ കത്തോലിക്കരുടെ മാൎഗ്ഗദർശികളായിട്ടാണ് നിന്നിട്ടുള്ളതു. അകത്തോലിക്കരെല്ലാം കത്തോലിക്കരാകുന്നതിനെക്കാൾ ആപൽകരമായ ഒരു സംഗതി

കേരളത്തിലുണ്ടാകാനില്ല. ക്രിസ്തുമതം ചക്രവർത്തികളുടെ ശക്തിമൂലം യൂറോപ്പിൽ സ്ഥാപിതമായിട്ട ഒരായിരം വർഷത്തോളം അതിന നിർബാധമായ വാഴ്ചയായിരുന്നു. അക്കാലത്തു നൂററിന തൊണ്ണൂററൊമ്പതും ആളുകൾ എഴുത്തും വായനയും അറിഞ്ഞുകൂടാത്തവരായിരുന്നു. ജനങ്ങളെ അജ്ഞാനത്തിലും അന്ധതയിലും നിർത്തിക്കൊണ്ടു തങ്ങൾ സുഖിക്കുകയെന്നതാണ് കത്തോലിക്ക പുരോഹിതന്മാരുടെ പ്രമാണം.

## മററു കാര്യങ്ങൾ.

വിദ്യാഭ്യാസം ഒഴിച്ചു മറേറതു വിഷയം എടുത്തുനോക്കിയാലും റോമ്മാക്കാർ പിന്നാക്കമാണെന്നു കാണാം. കേരളത്തിലെ ജെയിലുകളുടെ സ്ഥിതി നോക്കിയാൽ കുററക്കാർ കത്തോലിക്കരുടെ ജനസംഖ്യ കവിഞ്ഞ് അധികമാണെന്നു കാണാം. കള്ളസ്സാക്ഷി പറയുക, കള്ളക്കേസ്സുണ്ടാക്കുക മുതലായ ദുഷ്കൃത്യങ്ങളിൽ പ്രഥമസ്ഥാനം കത്തോലിക്കർക്കാണ്. സുറിയാനി രക്തമുള്ള കത്തോലിക്കർ ഈക്കാര്യത്തിൽ അല്പം ഭേദമായിരിക്കാം. ബാക്കിയുള്ളവരുടെ സാമൂഹികവും മററുമായ സ്ഥിതി എത്രയോ ദയനീയമാണെന്നു കേരളീയരോടു പ്രത്യേകം പറയണമെന്നില്ല.

## പൂർവ്വ ചരിത്രം.

റോമാസഭയുടെ ചരിത്രം നോക്കിയാൽ ഇതിലൊന്നും അത്ഭുതപ്പെടാനില്ല. ചുരുക്കം ചില സംഗതികൾ

പറയാം. ലൂയി മേറി ഡി കോർമെനിൻ എന്ന പ്രസിദ്ധഗ്രന്ഥകാരൻെറ പുസ്തകത്തിൽ നിന്നാണ് ചിലത് ഉദ്ധരിക്കുന്നത്. നാലാം ലിയൊ പാപ്പായുടെ അനുഗാമിയായി പുരുഷനെന്നുള്ള നാട്യത്തോടെ ജൊവാൻ എന്നൊരു സ്ത്രീ പാപ്പയായി. ആ സ്ത്രീ ഒരു കാർഡിനാൽ മൂലം ഗർഭിണിയാകയും പ്രസവസമയത്തു മരിക്കുകയും ചെയ്തു. മൂന്നാം സെർജിയസ്സ് പാപ്പായ്ക്കു മറോസിയാ എന്നൊരു വെപ്പാട്ടിയുണ്ടായിരുന്നു. ഇവരിൽ നിന്നു ജനിച്ച പുത്രൻ പതിനൊന്നാം ജോൺ പാപ്പയായി. ഈ പാപ്പാ തൻെറ മാതാവിനോടുകൂടി ശയിച്ചു എന്നും കന്യാസ്ത്രീകളെ പിഴപ്പിച്ചു എന്നും കർദ്ദിനാളന്മാരും ബിഷപ്പന്മാരും ആവലാതി പറഞ്ഞു. മറോസിയായുടെ വേറൊരു പുത്രൻ പന്ത്രണ്ടാം ജോൺ പാപ്പയായി. ഇദ്ദേഹത്തിൻെറ വെപ്പാട്ടികളിൽ ഒരുവളാസ്റ്റെഫനോറൂ പ്രസവാനന്തരം * ലാറററാൻ കൊട്ടാരത്തിൽ കിടന്നു മരിച്ചു. സ്പെയിനിൽ "വിശുദ്ധ" ബന്ധനം സ്ഥാപിച്ച 23-ാം ജോൺപാപ്പാ, ചട്ടക്കാരെ പിഴപ്പിക്കു

---

* മാർപാപ്പാ റോമാനഗരത്തിൻെറ ബിഷോപ്പും കൂടിയാണ്, വത്തിക്കാൻ അരമന റോമൻ കത്തോലിക്കാ മേലദ്ധ്യക്ഷൻെറ ഔദ്യോഗിക വാസസ്ഥലമാകുന്നതുപോലെതന്നെ ലാറററാൻ കൊട്ടാരം റോം ബിഷോപ്പ് എന്ന നിലയിൽ അദ്ദേഹത്തിൻെറ മെത്രാസന അരമനയാകുന്നു. ചില ദിവസങ്ങളിൽ മാർപാപ്പാ റോമാനഗരത്തിൻെറ മെത്രാൻെറ നിലയിൽ കാഴ്ചസമർപ്പണത്തിനു ലാറററാൻ കൊട്ടാരത്തിൽ എഴുന്നള്ളി വസിക്കാറുണ്ടു.

ക. പ്രകൃതിവിരുദ്ധമായ കുററം ചെയ്തു, മററു കന്യാസ്ത്രീകളുമായി സഹവസിക്കുക എന്നീ കുററങ്ങൾ ചെയ്തുതായി ഔദ്യോഗികമായ ദോഷാരോപണത്തിനു പാത്രമായി പത്താം ശതാബ്ദത്തോടുകൂടി സന്യാസാശ്രമങ്ങൾ വ്യഭിചാരത്തിൻേറയും പ്രകൃതവിരുദ്ധമായ പാപത്തിൻേറയും സങ്കേതങ്ങളായിത്തീൎന്നിരുന്നുവെന്നു ചരിത്രകാരന്മാർ പറയുന്നു. പതിനൊന്നാം ശതാബ്ദത്തിലെ കന്യകാമഠങ്ങൾ മ്ലേഛീയമായ കഠിനപാപംകൊണ്ടു നിറഞ്ഞിരുന്നു. പ്യൂനു ആൎച്ചർ എന്ന സ്ഥലത്തെ വൈദികനായ ഒര്നോറിയസ് പറയുന്നു. ഇടേറാളിലെ പ്രബലനായ മെനാൎഡ് പതിമൂന്നാം ശതാബ്ദത്തെപ്പററി ഇങ്ങനെ പറയുന്നു:— അൎഹതയില്ലാത്ത ശിശുക്കളെ സമ്പാദിക്കയും കുടിച്ചു മദിക്കുകയും ജനങ്ങളിൽ നിന്നു പണം അപഹരിക്കാൻ പുതിയ വിദ്യ കണ്ടു പിടിക്കുകയും ചെയ്യുകയെന്നാതായിരുന്നു പുരോഹിതന്മാരുടെ തൊഴിൽ.”

പാപപരിഹാരത്തിനു പണം കൊടുക്കേണ്ട നിരക്കു 22 ാം ജോൺ പാപ്പാ ഏൎപ്പെടുത്തിയതിൽ നിന്നു ചില ഭാഗങ്ങൾ താഴെ ചേൎക്കുന്നു.

ഒരു പുരോഹിതൻ കന്യാസ്ത്രീകളെയൊ മതമക്കളേയോ വേറിട്ടുകളേയൊ പിഴപ്പിച്ചാൽ അതിനു പ്രായശ്ചിത്തം 67 ഫ്രാങ്കം 12 സൌവും.

പലതവണ വ്യഭിചരിച്ച കന്യാസ്ത്രീ മഠാധിപയാകാൻ പ്രായശ്ചിത്തം 131 ഫ്രാങ്കം 15 സൌവും.

ഒരു അത്മേനി ഒരു ചാച്ച്ക്കാരിയുമായി വ്യഭിചരിച്ചാൽ 31 ലിവറും ഒരു സൌവ്വും.

ഒരു അത്മേനി ഒരാളെയൊ പലരേയൊ ഒരു ദിവസം കൊന്നാൽ 15 ഫ്റാങ്കും 4 സൌവ്വും 8 ഡെനിയറും.

സ്വന്തം മക്കളെ വ്യഭിചരിച്ചാൽ കൂടുതലായി 6 ഫ്രാങ്ക്.

സ്വന്തം ഭാര്യയെ കൊന്നാൽ 17 ഫ്റാങ്കും 15 സൌവ്വും.

മാതാവൊ പിതാവൊ സ്വന്തം കുട്ടിയെ കൊന്നാൽ 27 ഫ്റാങ്കും ഒരു സൌവ്വും. മാതാപിതാക്കന്മാരെ കൊന്നാലും നിരക്ക ഇതു തന്നെ.

അമ്പലത്തിൽ നരഹത്യ ചെയ്യാൻ പോകുന്നതിനു 168 ഫ്റാൻകും 15 സൌവ്വും.

വൈദികവൃത്തി ആഗ്രഹിക്കുന്ന ഷണ്ഡന്മാർ 300 ഫ്റാങ്കും 15 സൌവ്വും.

പതിനേഴാം ശതാബ്ദത്തിൽ വാണ അഞ്ചാം പോൾ പാപ്പാ വ്യഭിചാരം, രക്തസംബന്ധികളായുള്ള വ്യഭിചാരം, പ്രകൃതിവിരുദ്ധമായ പാപം ഇതുകളെല്ലാം ചെയ്തു. പത്താം ഇന്നൊസെൻറു പാപ്പായും വ്യഭിചാരം ചെയ്തു. ആറാം പീയൂസ് പാപ്പാ പ്രകൃതിവിരുദ്ധമായ പാപം, വ്യഭിചാരം രക്തസംബന്ധികളായുള്ള വ്യഭിചാരം ഇതുകൾ നടത്തിയതായി പരസ്യമായ ആക്ഷേപമുണ്ടായി.

എട്ടാം ഇന്നോസെൻറ് പാപ്പാ ഈ സ്ഥാനത്തു പ്രവേശിക്കുമ്പോൾ അദ്ദേഹത്തിനു പതിനാറു മക്കളുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ആയുസ്സ ദീർഘിപ്പിച്ച കിട്ടാൻ പത്തുവയസ്സായ മൂന്നു കുട്ടികളെ കൊന്ന് ഒരു മരുന്നുണ്ടാക്കി ഇങ്ങനെ ചെയ്തതു പാപ്പായുടെ കല്പനപ്രകാരമാണ്. ഈ കഥ വാസ്തവത്തിൽ സംഭവിച്ചതാണെന്നു പ്രസിദ്ധൻ ഇൻഫസ്സുരാ പറയുന്നുണ്ട്.

## ആറാം അലക്സാണ്ടർ പാപ്പ.

15-ാം നൂററാണ്ടിൽ വാണ ഈ പാപ്പായെപ്പററി അല്പം വിസ്തരിച്ച പറയേണ്ടിയിരിക്കുന്നു. ഇദ്ദേഹം മൂന്നാം കലിസ്സ്ററസ് പാപ്പായുടെ പുത്രനാണ്. റഫേൽ സബററാനി ഇദ്ദേഹത്തിൻെറ ദുഷ്കൃത്യങ്ങളെ മറയ്ക്കാൻ വളരെ പണിപ്പെട്ടിട്ടുണ്ടെങ്കിലും ഈ റോമൻ കത്തോലിക്ക ചരിത്രകാരൻ ഇദ്ദേഹത്തെപ്പററി ഇങ്ങനെ പറയുന്നു:- "ഇദ്ദേഹം അതിമോഹിയും ലോകകാൎയ്യപ്രസക്തനും അധികാരഭ്രമക്കാരനും സ്ത്രീവിഷയത്തിൽ അടിമയും ആയിരുന്നു. ഇദ്ദേഹം പാപ്പായാകുന്നതിനു മുമ്പു ബൊളോണായിൽ നിയമം പഠിച്ച വക്കീലായി. സദാചാരവിരുദ്ധവും ദുഷ്കീൎത്തിയുണ്ടാക്കുന്നതുമായ കേസുകൾ പിടിക്കാനാണ് ഇദ്ദേഹത്തിനു പ്രതിപത്തിയുണ്ടായിരുന്നത്. ഇതിൻെറ ശേഷം പട്ടാളത്തിൽ ചേൎന്നു. ദുരാചാരപ്രസക്തങ്ങളായ പ്രവൃത്തികൾക്കു ഈ ജോലിനിമിത്തം അവസരം ലഭിച്ചു. ആയിടക്ക് ഇദ്ദേഹം ഒരു സ്പാനിഷ്

സ്ത്രീയെ വെപ്പാട്ടിയാക്കി. ഈ സ്ത്രീ ഒരു വിധവയായിരുന്നു. അവൾക്കു രണ്ടു പുത്രിമാരുണ്ടായിരുന്നു. അവരേയും ക്രമേണ തൻെറ വെപ്പാട്ടികളാക്കി. മാതാവു മരിച്ചപ്പോൾ മൂത്ത പുത്രിയെ കന്യകാമഠത്തിലയയ്ക്കുകയും ഇളയപുത്രിയെ കൂടെ പാർപ്പിക്കുകയും ചെയ്തു. എന്നിട്ടു റോമ്മായിൽ വന്നു പിതാവിൻെറ ഉത്സാഹപ്രകാരം ഒരു കാർഡിനൽ ആയി. ഇദ്ദേഹത്തിൻെറ അറയ്ക്കുന്ന പ്രവൃത്തികളെപ്പററി രണ്ടാം പീയൂസ് പാപ്പാ വളരെ ശക്തിയായി എഴുതീട്ടുള്ളതു ഇവിടെ ഉദ്ധരിക്കുന്നില്ല. നമ്മുടെ കുട്ടിനാളിനു മേൽപറഞ്ഞ സ്ത്രീയിൽ ഒരു പുത്രനുണ്ടായി. ഈ മകനെ കുട്ടിനാൾ സ്വന്തപുത്രനാണെന്നു പരസ്യമായി സമ്മതിച്ചിരുന്നു. വേറൊരുസ്ത്രീയിൽനിന്നുഇദ്ദേഹത്തിനു 1467_ൽ ഒരു പുത്രി ജനിച്ചു. തൻെറ പ്രിയപ്പെട്ട റോസ്സാവനോസ്സായിൽ നിന്നു നാലു കുട്ടികളുണ്ടായി. നാലാം സിക്സ്റ്റസ് പാപ്പായുടെ കാലത്തു റോമ്മായിലെ വ്യഭിചാരിണികളിൽ നിന്നു പാപ്പാ പിരിച്ചെടുത്ത കരം പ്രതിവർഷം ഇരുപതിനായിരം ഡ്യൂക്കാററ് ആയിരുന്നു. ഇദ്ദേഹത്തിൻെറ വികാരി 1490_ൽ പ്രസിദ്ധപ്പെടുത്തിയ കല്പനയിൽ, പുരോഹിതന്മാർ സർവ്വരും വെപ്പാട്ടി വയ്ക്കുന്ന സമ്പ്രദായം നിറുത്താഞ്ഞാൽ അവരെ പള്ളിക്കുറത്തിൽ നിറുത്തുന്നതാണെന്നു പ്രസ്താവിച്ചിരുന്നു. എട്ടാം ഇന്നൊസെൻറ് പാപ്പാ തൻെറ വികാരിയെ ശകാരിക്കുകയും കല്പന റദ്ദാക്കുകയും ഉണ്ടായി. നമ്മുടെ കർട്ടിനാൾ പാ

പ്പായായ ശേഷം സ്വന്തം പുത്രിയായ ലുക്രിഷ്യായെ വെപ്പാട്ടിയായി സ്വീകരിച്ചു എന്നു പല ചരിത്രകാരന്മാർ പറയുന്നുണ്ട്. ഈ ലുക്രിഷ്യാ പാപ്പായ്ക്കു വേണ്ടി പല അധികാരങ്ങൾ നടത്തിയിരുന്നു. കർദ്ദിനാളന്മാരുടെ സംഘം വിളിച്ചുകൂട്ടുക, നല്ലവണ്ണം കുടിച്ചു മദിച്ചശേഷം കർദ്ദിനാൾ സംഘത്തിൽ അദ്ധ്യക്ഷം വഹിക്കുക മുതലായ പല ജോലികൾ ഇവർ വഹിച്ചിരുന്നു, പാപ്പായുടെ മകൻ സിസേർ ഒരു കർദ്ദിനാളായി. കർദ്ദിനാൾ സ്ഥാനം ഏററവും അധികം പണം കൊടുക്കുന്നവർക്കു വിററു. കർദ്ദിനാളന്മാരെ വിഷംകൊടുത്തു കൊന്നശേഷം ഈ സ്ഥാനം വീണ്ടും വിററു. തൂങ്ങപ്പെട്ട കുരിശു, തിരുശേഷിപ്പുകൾ, പാപമോചനച്ചീട്ടു ഇതുകൾ വിററു പാപ്പാ വളരെ പണം സമ്പാദിച്ചു. പാപ്പായെ വെള്ളയടിക്കാൻ സന്നദ്ധനായ സ്വബററാനി പറയുന്നതു പാപ്പായുടെ മകൻ സിസേർകർദ്ദിനാളും വലിയ പെൺകൊതിയനായിരുന്നു എന്നും പാപ്പായുടെ അനുവാദത്തോടുകൂടിസ്ഥാപിക്കപ്പെട്ട വേശ്യാഗൃഹങ്ങളിലെ സകലസ്ത്രീകളേയും ഇദ്ദേഹം സ്വന്തമായി ഉപയോഗിച്ചു എന്നു മാണ്. തന്റെ ശരിയായ ഭാര്യയെ ഉപേക്ഷിക്കാൻ അനുവാദം കിട്ടണമെന്നു ഹംങ്കറിയിലെ രാജാവും രക്തസംബന്ധമുള്ള ഒരു സ്ത്രീയെ വിവാഹം കഴിക്കാൻ അനുവാദത്തിനു പോർട്ടുഗൽ രാജാവും അപേക്ഷിച്ചു. വളരെ പണവും ഇതൊന്നിച്ചയച്ചു. പാപ്പാ അനുവാദം കൊടുക്കുകയും ചെയ്തു. വത്തി

ക്കാനിൽ വച്ച നടത്തിയ ഒരു വിരുന്നിൽ അമ്പതു വേശ്യാസ്ത്രീകൾ പാപ്പായുടെ മുമ്പിൽ നഗ്നകളായി നിന്നു നൃത്തം ചെയ്തു. പണത്തിനു മുട്ടുവരുമ്പോൾ കർദിനാളമ്മാരെ വിഷം കൊടുത്തു കൊല്ലുക പതിവായിരുന്നു എന്നു മുമ്പു പ്രസ്താവിച്ചുവല്ലൊ പതിനൊന്നു കൊല്ലംകൊണ്ടു ഇരുപത്തൊന്നു കർദ്ദിനാളമ്മാർ കൊലപ്പെടുത്തപ്പെട്ടു. വത്തിക്കാനിൽ വിരുന്നിന്നു ക്ഷണിച്ചാൽ കർദ്ദിനാളന്മാർ ചെല്ലാതെയായി. അതിനു പാപ്പാ ഒരു വിദ്യയെടുത്തു. കാർഡിനൽ കോർണെറോവിന്റെ ബംഗ്ലാവിൽ വച്ച് ഒരു വിരുന്നു കൊടുക്കാൻ വേണ്ട ഏപ്പാടു ചെയ്തു. ചിലവിന്റെ കാര്യം പാപ്പാ തന്നെ ഏറ്റു. തന്റെ സ്വന്തം പാചകനെ അയച്ചു കൊടുത്തു. വിഷം കലർത്തിയ രണ്ടു കുപ്പി വീഞ്ഞും അയച്ചു. പാചകൻ അവിടെ ഇല്ലാതിരുന്ന നേരത്താണു പാപ്പായും മകൻ സിസേർ കർദിനാളും സ്ഥലത്തെത്തിയതു്. ആ രാജ്യത്തെ മര്യാദ പ്രകാരം ഇവക്കു വീഞ്ഞു കൊടുക്കേണ്ടതു നരത്തു ഇവക്കു് തെററി കൊടുത്തതു് ഈ വിഷം കലർത്തിയ വീഞ്ഞായിരുന്നു. പാപ്പാ ഇതുകൊണ്ടു മരിച്ചു. മകൻ കർദിനാൾ രക്ഷപെട്ടു.

## കത്തോലിക്കാ എൻസൈക്ലോപ്പീഡിയാ.

മേൽ പറഞ്ഞതെല്ലാം വിശ്വസ്ഥന്മാരായ പല ചരിത്രകാരന്മാർ എഴുതിവച്ചിരിക്കുന്നതാണ്. എന്നാൽ കത്തോലിക്കർ ഇതൊക്കെ വെറും വ്യാജമെന്നു പറ

ഞ്ഞു തള്ളിക്കളയും. കത്തോലിക്കരിൽ പ്രമാണികളാ യ അനേകം ചരിത്രകാരന്മാർ കൂടി എഴുതിട്ടുള്ളതാണ് കത്തോലിക്ക എൻസൈക്ലൊപ്പീഡിയാ എന്ന പുസ്ത ക പരമ്പര. അതിൽ നമ്മുടെ പാപ്പായെപ്പററി പറ ഞ്ഞിരിക്കുന്നത് എന്താണെന്നു നോക്കാം. അതിൽ നി ന്നു ചില ഭാഗങ്ങൾ തർജ്ജമചെയ്തു ചേർക്കുന്നു:— "തൻെറ ഇരുപത്തൊമ്പതാമത്തെ വയസ്സിൽ അദ്ദേഹം സിയന്നാ യിൽ നടത്തിയ ദുഷ്പ്രവൃത്തിയാൽ പട്ടണം മുഴുവനും കൊട്ടാരത്തിലും വലിയ അപഖ്യാതിയുണ്ടായതു നിമി ത്തം രണ്ടാം പീയൂസ്സ് പാപ്പാ അദ്ദേഹത്തെ ശാസിച്ച് എഴുതി. 1468_ൽ പുരോഹിതൻ ആയശേഷം തൻെറ ദുർന്നടത്ത് തുടൎന്നു കൊണ്ടിരുന്നു, .... 1470_ൽ അ ദ്ദേഹം വനോസ്സാ കററനേയ് എന്ന സ്ത്രീയുമായി അടുപ്പ മായി. ഈ ബന്ധത്തിൽ നിന്നു അദ്ദേഹത്തിനു ജുവൻ, സിസേർ, ലുക്രീഷ്യാ, ജോഫ്രെ എന്നിങ്ങനെ നാലു മക്കളു ണ്ടായി.... അദ്ദേഹം പണം കൊടുത്താണു പാപ്പാസ്ഥാ നം കരസ്ഥമാക്കിയതെന്നത്രെ പൊതുജനബോദ്ധ്യം. അതു് അസംഭവ്യമല്ല, .... വിഷം കലർത്തിയ വീഞ്ഞു കു ടിച്ചാണ് അദ്ദേഹം മരിച്ചതെന്നുള്ള വർത്തമാനം പ്രചരി ച്ചു". സ്വന്തം ആളുകൾ ഇത്രയും സമ്മതിച്ചിരിക്കുന്ന സ്ഥിതിക്കു യാഥാർത്ഥ്യം മേൽ വിവരിച്ചതായിരിക്കണമെ ന്നു സ്പഷ്ടമാണ്.

## സാർവ്വാധിപത്യം.

പാപ്പായ്ക്കു സർവ്വക്രിസ്ത്യൻ സഭകളുടേയും മേൽ സർവ്വാധിപത്യമുണ്ടെന്നുള്ള വാദം തീരെ ബാലിശമാണു്. സാമ്രാജ്യത്തിന്റെ തലസ്ഥാനം എന്ന നിലയ്ക്കു റോമ്മായ്ക്കു് അന്ത്യോക്യാ മുതലായ പാത്രിയർക്കാ സ്ഥാനങ്ങളേക്കാൾ ലോക ദൃഷ്ടിയിൽ കൂടുതൽ മാഹാത്മ്യ മുണ്ടായിരുന്നു. ഇതിനെ പാപ്പാമാർ പർവ്വതീകരിച്ചുണ്ടാക്കിയതാണു് ഈ സർവ്വാധിപത്യപ്രസ്ഥാനം. പ്രാചീനസഭകളിലെ പല ബിഷപ്പന്മാരും പാപ്പായുടെ ഈ നാട്യത്തെ അവഹേളിച്ചിട്ടുണ്ട്. ഇക്കാര്യം സഭാചരിത്രത്തിൽ പ്രസ്പഷ്ടമായി കാണാവുന്നതാണു്. പാപ്പാമാർ മൂത്തുമൂത്തു സകല രാജാക്കന്മാരുടേയും മേൽ തങ്ങൾക്കു് അധികാരമുണ്ടെന്നും രാജാക്കന്മാരെ നീക്കാനും വെപ്പാനും സ്വർഗ്ഗത്തിൽ നിന്നു തങ്ങൾക്കു് അധികാരം സിദ്ധിച്ചിട്ടുണ്ടെന്നു ഭാവിക്കാൻ തുടങ്ങി.

## നരഹത്യ.

പാപ്പാമാർ മുഖാന്തരം നടത്തിയ കൂട്ടക്കൊലയുടെ വിവരം ഏതാനും പറയാം. ആറാം സിക്സ്റ്റസ് പാപ്പാ മുഖാന്തരം കൊളൊനാ പ്രഭുവിനെ വധിച്ച വിവരം ലിയൊപ്പോൾഡ് വോൺറാങ്കെ എന്ന ചരിത്രകാരൻ വിസ്തരിച്ചു പറയുന്നുണ്ട്. സഭയോടു യോജിക്കാതെ നിൽക്കുന്ന ഒരു രാജാവിനെ ആർക്കെങ്കിലും വധിക്കാമെന്നു ജെസ്യൂട്ടുകാർ പറഞ്ഞിട്ടുണ്ട്. ഇറ്റാലിയിലെ പല

ഭാഗങ്ങൾ സി: പത്രോസ്സിൽനിന്നു ലഭിച്ചതാണെന്നു പറഞ്ഞു കൊണ്ടു പാപ്പാമാർ നടത്തിയ യുദ്ധങ്ങളുടെ വിവരത്തിനുതന്നെ ഇതുപോലെ പത്തുപുസ്തകം വേണ്ടിവരും.

## പാപവിമോചനം.

പാപവിമോചനച്ചീട്ടു വിററു പാപ്പാമാർ പണമുണ്ടാക്കിയ വിവരം മുമ്പു പ്രസ്താവിച്ചിട്ടുണ്ടു്. 1500-ൽ പാപവിമോചനച്ചീട്ടു വിററു കിട്ടിയതിൽ മൂന്നിലൊന്നു മാത്രം പാപ്പായുടെ പ്രതിനിധികൾക്കു കൊടുത്തതായും ബാക്കി ഗവൎമ്മെണ്ടു് എടുത്തു യുദ്ധത്തിനു് ഉപയോഗിച്ചു എന്നും കാണുന്നു. ഒരാൾ ഒരു പാപം ചെയ്താൽ അതിനു ശരിയായി മനസ്താപപ്പെട്ടാൽ മാത്രം ആ പാപം ദൈവം ക്ഷമിക്കുകയുള്ളു എന്നാണു സുറിയാനിക്കാർ ധരിച്ചിട്ടുള്ളതു്. കുറെ പണം കൊടുത്തു് ഒരു കടലാസു വാങ്ങിയാൽ പാപം ക്ഷമിക്കപ്പെടുമെന്നു് ഒരു ബോധം ജനസമുദായത്തിൽ പരന്നാൽ അതു മുഖാന്തരം സദാചാരം എത്രമാത്രം ദൂഷിക്കുമെന്നു സുറിയാനിക്കാരോടു പ്രത്യേകം പറയണമെന്നില്ല.

## സദാചാരം.

നിൎബന്ധിതമായ സന്ന്യാസം നിമിത്തം റോമാപുരോഹിതന്മാർ എത്രമാത്രം ചീത്തയായിട്ടുണ്ടെന്നു അറിയാൻ ചരിത്രങ്ങളിൽ പലേടത്തും തെളിവുകളുണ്ടു. മിക്ക പട്ടക്കാരും മേൽപട്ടക്കാരും അലക്സാണ്ടർ പാപ്പാ ചെയ്തപോലെ പരസ്യമായിട്ടു

ല്ലെങ്കിലും സ്ത്രീകളുടെ ചാരിത്ര്യഭംഗം വരുത്തുന്നവരാണെന്നു കേരളീയക്കറിയാം. എത്രയോ പേർ സ്ത്രീസംബന്ധമായ രോഗം പിടിപെട്ടു ഡാക്ടർമാരെ അഭയം പ്രാപിക്കുന്നു! അവിവാഹിതകളായ സ്ത്രീകളുടെ ഗർഭം അലസിപ്പിക്കാൻ എത്ര പട്ടക്കാർ ഉൽക്കണ്ഠയോടെ നടക്കുന്നു!!

## അന്ധവിശ്വാസം

ഇത്രയും അന്ധവിശ്വാസമുള്ള ഒരു ക്രിസ്ത്യൻ സഭ ലോകത്തില്ല. റോമ്മായിൽ കിടന്നു മരിച്ചാൽ സ്വർഗ്ഗത്തിലേക്കു പോകാൻ എളുപ്പമാണെന്നു ഒരു വിശ്വാസമുണ്ടായിരുന്നു. ഫിലാറി എന്നൊരു സിദ്ധൻ ക്ലോവിസ്സിൻെറ സൈന്യത്തിൻെറ മുമ്പിൽ അഗ്നിമേഘത്തിൽ നടന്നു എന്നു ഫ്രാങ്കുകാർ വിശ്വസിച്ചിരുന്നു. 1870-ൽ കൂടിയ വത്തിക്കാൻ കൌൺസിലിലെ നിശ്ചയങ്ങൾ സ്ഥിരപ്പെടുത്താൻ പാപ്പാ തൻെറ സിംഹാസനത്തിൽ നിന്നു് എഴുന്നേററപ്പോൾ അവിടെ ഇടിയും മിന്നലും ഉണ്ടായി. സീനായി പർവ്വതത്തിൽ വെച്ചു ദൈവം മോശക്കു കല്പനകൾ കൊടുത്തപ്പോൾ ഇടിയും മിന്നലും ഉണ്ടായപ്രകാരമാണ് ഇതെന്നു റോമ്മാക്കാർ തീർച്ചയാക്കി.

## സ്ഥാനഭ്രംശം.

ദൈവത്തിൻെറ പ്രതിനിധിയും അപ്രമാദിത്വവരമുള്ളവനും ആണ് പാപ്പായെന്നു കത്തോലിക്കസഭ വിശ്വസിക്കുന്നു. ഈ ശിഷ്യന്മാരിൽ അനേകരെ സ്ഥാനഭ്ര

ഷ്ടരാക്കിയതായും രാജാക്കന്മാർ തടവുകാരായി കൊണ്ടു പോയതായും സഭാചരിത്രം വിളിച്ചു പറയുന്നു. ഒരിക്കൽ ഒരേ സമയത്തു റോമ്മായിലും ഫ്രാൻസ്സിൽ ആവിന്നോണിലും എതൃപാപ്പമാരുണ്ടായിരുന്നു. ഇവരെ രണ്ടു പേരെയും സ്ഥാനഭ്രംശം ചെയ്തു. മൂന്നാമതൊരു പാപ്പായെ വാഴിച്ചു. പഴയ പാപ്പാമാർ കിഴ്വഴങ്ങിയില്ല. അതുകൊണ്ടു മൂന്നു പാപ്പാമാർ ഒരേ സമയത്തു വാഴാൻ ഇടയായി. അന്ത്യോക്യായിലെ അബ്ദൽമിശിഹാ പാത്രിയക്കീസ്സിനെ സ്ഥാനഭ്രഷ്ടനാക്കിയതിനെപ്പററി ആക്ഷേപിച്ചു പറയുന്ന റോമ്മാക്കാർ സ്വന്തസഭാചരിത്രജ്ഞാനം ലവലേശം ഇല്ലാത്തവരാണ്.

## പാപ്പാമാരുടെ മക്കൾ.

പാപ്പാമാൎക്കു മക്കളുണ്ടായാൽ അത് അവൎക്കു അക്രമികളിൽനിന്നു രക്ഷക്കു കാരണമാണെന്നു ബാൾസുന്നാദോസ്സിലെ ഒരു പ്രസംഗി പറഞ്ഞിരിക്കുന്നു. എട്ടാം ഇന്നൊസെൻറു പാപ്പായുടെ പുത്രൻ ലോറൻസൊ ഡിമെഡിസിയുടെ പുത്രിയെ വിവാഹം കഴിച്ചിരുന്നു. മൂന്നാം പോൾ പാപ്പാക്കു ന്യായമല്ലാത്ത വിധം ഒരു പുത്രനും ഒരു പുത്രിയും ഉണ്ടായിരുന്നു. ഈ പുത്രനു അദ്ദേഹം ചാമ്മാ, പിയസെൻസാ എന്നീ നഗരങ്ങളുടെ ആധിപത്യം കൊടുത്തു. ഇങ്ങനെ പലേ ദൃഷ്ടാന്തങ്ങൾ പറയാനുണ്ടു.

## അപ്രമാദിത്വം.

തനിക്ക അപ്രമാദിത്വമുണ്ടെന്ന ഒരു നിശ്ചയം പാസ്സാക്കണമെന്ന 1870-ൽ കൂടിയ വത്തിക്കാൻ കൌൺസിലിനോട് പാപ്പാ ആവശ്യപ്പെടുകയാണുണ്ടായത്. പാപ്പായുടെ വിധിയിന്മേൽ ഒരു കൌൺസിലിലേക്ക അപ്പീൽ കൊടുക്കണമെന്നും ആ അപ്പീൽവിധി പരമവിധിയായിരിക്കണമെന്നും ചിലർ വാദിച്ചെങ്കിലും അതു ശോഭിച്ചില്ല. പാപ്പാ കാണപ്പെട്ട ദൈവം. അദ്ദേഹം എന്തു പറഞ്ഞാലും തെറ്റുകയില്ല എന്ന പ്രമാണം ഉണ്ടായിട്ട അമ്പതു വഷമെ ആയിട്ടുള്ളു.

## ജോസഫ് മെക്കാബി.

വളരെക്കാലം ഒരു ഡൊമിനിക്കൻ സന്യാസിയായിരുന്ന ഇദ്ദേഹം ഇപ്പോൾ സ്വമനസ്സാലെ പട്ടം ഉപേക്ഷിച്ച വിവാഹം കഴിച്ച രോമ്മാസഭയേയും മററും കുറിച്ച അനേകം വിലയേറിയ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിവരുന്നു. ഇദ്ദേഹത്തിൻെറ കൃതികളിൽനിന്ന ചില സംഗതികൾ കൂടി ഇവിടെ ചേക്കാം. 1540-ൽ വൊർമസ്സ് എന്ന സ്ഥലത്തു കൂടിയ പ്രതിനിധിസഭയിൽ രണ്ടു ജെസൂട്ടു പാതിരിമാർ പ്രസംഗിച്ചതിൽ ദുർമ്മാൎഗ്ഗത്തിൽനിന്നൊ എന്തെങ്കിലും കുററത്തിൽ നിന്നൊ ഒഴിഞ്ഞതായ മൂന്ന വൈദികന്മാർ ആ പട്ടണത്തിൽ ഇല്ലെന്ന പ്രസ്താവിക്കയുണ്ടായി. സ്ത്രീബന്ധം നിമിത്തം 1 61-ൽ ജെസൂട്ടുകാരെ വെനിസ്സിൽ നിന്നും നേപ്പിൾസ്സിൽ നി

ന്നം ഓടിച്ചുകളഞ്ഞു. രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ മിലാനിലെ ജേസ്സുട്ട കോളേജും പുരോഹിതന്മാരും പ്രകൃതിവിരുദ്ധമായ പാപത്തിനു അധീനരാണെന്നു കണ്ടു വലിയ ബഹളമുണ്ടായി. കാർഡിനൽ ആർച്ച് ബിഷോപ്പിന്റെ കുമ്പസാരപട്ടക്കാരൻ ഒരു പ്രഭ്വിയുടെ ഭൃത്യയിൽ ഭ്രമിച്ചു അന്തരകാരനായി. കത്തോലിക്ക രാജ്യമായ ബവേറിയായിൽ വ്യഭിചാരവും മററു കുററങ്ങളും പ്രൊട്ടസ്റ്റന്റു രാജ്യമായ പ്രഷ്യയിലുള്ളതിനേക്കാൾ ഇരട്ടിയാണ്. പാപ്പായുടെ കീഴിലിരുന്ന രാജ്യങ്ങൾ സകല വിധ അഴിമതികളുടേയും വിളനിലമായിരുന്നു. 1871-ൽ അവിടെ 5297 കൊലക്കേസ്സുണ്ടായി. അക്കാലത്ത് ഇംഗ്ലണ്ടിൽ ഉണ്ടായതു 176- കൊലക്കേസു മാത്രമാണ്. രണ്ടു രാജ്യങ്ങളിലേയും ജനസംഖ്യ ഏകദേശം സമമാണ്. 1884-ൽ പാപ്പായുടെ രാജ്യത്തു 102802- ക്രിമിനൽ കേസ്സുകൾ ഉണ്ടായിട്ടുണ്ട്. അക്കൊല്ലം ഇംഗ്ലണ്ടിൽ ഉണ്ടായതു ഇരുപതിനായിരം കേസ്സുകൾ മാത്രമാണ്. ഇംഗ്ലണ്ടിലെ ലിവർപൂൾ പട്ടണത്തിൽ അത്യധികം റോമൻ കത്തോലിക്കരുണ്ട്. ശരാശരി ഇത്രയധികം കത്തോലിക്കരുള്ള പട്ടണം ഇംഗ്ലണ്ടിലില്ല. ലിവർപൂളിൽ ലണ്ടനിലേക്കാൾ ഇരട്ടി കൊലക്കേസ്സും ന്യായാധിലേക്കാൾ അധികം കൂട്ടായ്മക്കവച്ചയും ഉണ്ടായിട്ടുണ്ട്. ലണ്ടനിലെ 80- അല്ലെങ്കിൽ തൊണ്ണൂറു ലക്ഷം ജനങ്ങളിൽ കത്തോലിക്കർ രണ്ടു ലക്ഷമേയുള്ളൂ. അവിടെ ക്രി

മിനൽ കേസുകൾ കറവാണ്. അമേരിക്കയിലെ ചിക്കാഗോ പട്ടണത്തിലെ മൂന്നിലൊരു ഭാഗം കത്തോലിക്കരാണ്. 'ലോകത്തിലെ പട്ടണങ്ങളിൽ വച്ച് അധികം ക്രിമിനൽ കേസുകൾ ഉണ്ടാകുന്നത്. അവിടെയാണ്. 1926-ൽ അവിടെ 400-ൽ അധികം കൊലക്കേസ്സുകളുണ്ടായി. ചിക്കാഗോ പട്ടണത്തിന്റെ ജനസംഖ്യ മുപ്പതു ലക്ഷമാണ്. ഇംഗ്ലണ്ടിലെ ജനങ്ങളിൽ അഞ്ചുശതമാനം മാത്രമേ കത്തോലിക്കരുള്ളു. നാലു കോടി ജനമുള്ള ഇംഗ്ലണ്ടിൽ ഉണ്ടായതിനേക്കാൾ മൂന്നിരട്ടി കൊലക്കേസുകൾ ചിക്കാഗോവിൽ ഉണ്ടായി.

19-ാം ശതാബ്ദത്തിൽ വാണ ഒമ്പതാം പീയൂസ് പാപ്പായുടെ കർദ്ദിനാളന്മാരിൽ പ്രധാനിയായിരുന്ന അന്തോനെല്ലി മരിച്ചപ്പോൾ അദ്ദേഹത്തിന്റെ സ്വകാര്യ സമ്പാദ്യം ഉദ്ദേശം അഞ്ചുലക്ഷം പവനായിരുന്നു. ഇദ്ദേഹം ഒരു സാധുവായ കൃഷിക്കാരന്റെ മകനായിരുന്നു. ഈ പണം മുഴുവൻ ലമ്പർട്ടിനി പ്രഭ്വി അവകാശപ്പെടുകയും താൻ കർദ്ദിനാളിന്റെ വ്യഭിചാരത്തിൽ നിന്നുണ്ടായ പുത്രിയാണെന്നു തെളിയിക്കുകയും ചെയ്തു. വേറൊരു കർദ്ദിനാളായ വന്നുടെല്ലി എന്ന ആളെ 13-ാം ലേയോ പാപ്പായുടെ അനുഗാമിയായി മിക്കവാറും തെരിഞ്ഞെടുത്തതാണ്. അദ്ദേഹത്തിനു ഒരു വെപ്പാട്ടിയും കുട്ടികളും റോമായിൽ ഉണ്ടായിരുന്നു. തീവണ്ടിക്കൊണ്ടുമരത്തിനു ദോഷം വരുമെന്നു പറഞ്ഞ് 16-ാം ഗ്രെ

ഗറി പാപ്പാ തൻെറ രാജ്യത്തു തീവണ്ടി നടപ്പാക്കാൻ അ
നുവദിച്ചില്ല. പാപ്പാ രാജ്യത്തെ ജനം ദുർഭരണംകൊണ്ടു
വലഞ്ഞിരുന്നു. പ്രഷ്യായിലെ രാജാവു ആ രാജ്യം സ
ന്ദർശിച്ചപ്പോൾ റോഡുകാവലിന്നു് ഒമ്പതിനായിരം പ
ട്ടാളക്കാരെ നിറുത്തേണ്ടിവന്നു. കവർച്ചക്കാർ അവിടെ
അത്ര അധികമായിരുന്നു. ഈ രാജ്യത്തെ നാട്ടിൻ പുറ
ങ്ങളിൽ രണ്ടു ശതമാനം കുട്ടികൾ മാത്രം സ്കൂളിൽ പ
ഠിച്ചിരുന്നു. റോമ്മായിൽ പത്തു ശതമാനമുണ്ടായിരുന്നു.
റോമ്മാപട്ടണവും നേപ്പിൾസ്സ് പട്ടണവും യൂറോപ്പിലെ
മററുപട്ടണങ്ങളെക്കാൾ ദുർമ്മാർഗ്ഗപ്രസക്തിയുള്ളവയായി
രുന്നു. നേപ്പിൾസ്സിലെ പ്രകൃതിവിരുദ്ധമായ പാപം എ
ന്നതും കുപ്രസിദ്ധമാണു്. പാപ്പാരാജ്യം യൂറോപ്പിനു ആ
ക്ഷേപമാണെന്നു 1850-ലെ ഇംഗ്ലീഷ് രാജപ്രതിനിധി
പ്രസ്താവിച്ചു. ഇററലിയും സ്പെയിനും കത്തോലിക്കരു
ടെ പ്രധാനസങ്കേതങ്ങളാണല്ലോ. ഇന്നു് ഈ രാജ്യ
ങ്ങൾ മുസ്സോലിനിയുടേയും ഡിറിബോറായുടേയും ചെ
രിപ്പിനു അടിയിൽ കിടന്നു ചതയുകയാണു്. ഇതു ക
ണ്ടു് കത്തോലിക്കാസഭ സന്തോഷിക്കുകയും ജനപീഡന
ത്തിനു സഹായിക്കുകയും ചെയ്തുവരുന്നു. ജർമ്മൻ ചക്ര
വർത്തിക്കു തൻെറ കീഴുള്ള പോളണ്ടിലെ കത്തോലിക്കരെ
[illegible] എപ്പിസ്കോപ്പുമാരായിട്ടു ചെയ്യണമെന്നു തോന്നിയ
[illegible] അദ്ദേഹം 13-ാം ലേയൊ പാപ്പായെ സ്വാധീന
[illegible]യും പാപ്പായിൽ നിന്നു സഹായം ലഭിക്കുക

യും ചെയ്തു. മൊൻസ്യൂർ ഡിടിടസർക്ലെസ് എഴുതിയ ടി. പാപ്പായുടെ ജീവചരിത്രത്തിൽ ഇതു സമ്മതിച്ചു പറഞ്ഞിട്ടുണ്ട്.

## ചിഞ്ഞുനാറിയ സഭ.

ഇങ്ങിനെ ഏതു വിധത്തിൽ നോക്കിയാലും ആസ്മത്തകപല ലക്ഷണങ്ങളുള്ള ഈ സഭയെ സുറിയാനിക്കാർ സ്വീകരിക്കുകയെന്നതു ആത്മഹത്യക്കു തുല്യമായ ഒരു പ്രവൃത്തിയായിരിക്കും. കർത്താവിനെ ഒററിയ യൂദസ്കറിയോത്തായും ആത്മഹത്യ ചെയ്യുകയാണുണ്ടായതു. റോമ്മാസഭ പണത്തിനായി ജീവിക്കുന്നു. പണത്തിനായി അവർ എന്തും ചെയ്യും. പണം കൊടുത്തു കുറെ വൈദികന്മാരെ സ്വാധീനപ്പെടുത്തിയാൽ കുറെയെങ്കിലും ജനങ്ങളെ കിട്ടാതിരിക്കുകയില്ലെന്നാണ് അവർ കരുതുന്നത്. പിന്നീടു ഈ ജനങ്ങളെ കറന്നു മുതലും പലിശയും ഉതൽ പലിശയും എടുത്തുകൊള്ളാമെന്നാണ് അവർ കരുതുന്നതു. "പണംകൊണ്ടെറിഞ്ഞാലെ പണത്തിൽ കൊള്ളുകയുള്ളു" എന്ന പ്രമാണം അനുസരിച്ചു അവർ ഇപ്പോൾ പണം വാരി വിതറുന്നതു പിന്നീടു അതിൽ നൂറിരട്ടി അപഹരിച്ചുകൊള്ളാമെന്നുള്ള ധൈര്യം കൊണ്ടാണ്. നമ്മുടെ സഭയുടെ വിശ്വാസാചാരങ്ങളിൽ അണുപോലും വ്യത്യാസം വരുത്തേണ്ട ആവശ്യമില്ലത്രെ: എന്നാൽ പിന്നെ അങ്ങോട്ടു ചേരുന്നതെന്തിനാണ്? കുറെ കഴിയുമ്പോൾ പിടിച്ചു നിർത്തി കാക്കാൻ തന്നെ. പട്ടക്കാർക്ക് വിവാഹം കഴിക്കാം. പരിശുദ്ധാത്മാ

വു പിതാവിൽനിന്നു മാത്രം പുറപ്പെടുന്നു എന്നു പറഞ്ഞാൽ മതി. വെന്തിങ്ങാ ധരിക്കണ്ടാ എന്നൊക്കെ പറയുന്നതു ഒരു തൽക്കാല ജാഡ്യമാത്രമാണ്. പാപ്പാ ദൈവമാണ്. അദ്ദേഹത്തിൻെറ വാക്കിനെ ദൈവവചനം പോലെ ഗണിക്കണം എന്നൊക്കെ നമ്മുടെ കുട്ടികൾ പഠിച്ച് ഒന്നു രണ്ട് തലമുറകൾ കഴിയുമ്പോൾ വരുന്നു ഒരു ബൂളാ. ആ ബൂളായിൽ എന്തു പറഞ്ഞാലും അതു നിഷേധിക്കാൻ പാടില്ലല്ലൊ. കുറെ ജോനകർ റോമ്മാ സഭയിലേക്കു ചേരാമെന്നു പറഞ്ഞാൽ രണ്ടോ നാലൊ വിവാഹം തൽക്കാലം അവൎക്കു അനുവദിച്ചേക്കാം. പഴയനിയമത്തിൽ അങ്ങനെയുണ്ടല്ലൊ എന്നു സമാധാനവും ഉണ്ടാകും.

## ഉപസംഹാരം.

പ്രിയപ്പെട്ട സഹോദരന്മാരെ, നമ്മുടെ സഭയിൽ ചില കുഴപ്പങ്ങളുള്ളതു ശരിതന്നെ. എന്നാൽ അതുകളെ പരിഹരിക്കാൻ നോക്കാതെ അന്യസഭയിൽ ചെന്നു ലയിച്ചു അതിൻെറ നിത്യദാസ്യത്തെ അനുഭവിക്കാൻ നമുക്കു സംഗതി വരാതിരിക്കട്ടെ. നമ്മുടെ സുറിയാനി ര[illegible]ം യാതൊരു വിധത്തിലും ദൂഷിക്കാതെ നാം ഇതേവരെ കാത്തു. നാം കേരളീയരുടെ ഇടയിൽ സ്വാതന്ത്ര്യ, [illegible]ം ബുദ്ധിശക്തികളും നല്ല പേരും സമ്പാദിച്ചിട്ടുണ്ട്. [illegible]ല്ലാം ഉപേക്ഷിച്ചു നമ്മുടെ ചരിത്രമഹാത്മ്യത്തെ [illegible]ിച്ച് ഈ ചീഞ്ഞുനാറിയ കുഴിയിൽ ചെന്നു വീ[illegible] നാം സൂക്ഷിക്കണം. നാം ഒരു ചെറിയ ജനക്കൂ

ട്ടമാണെന്നു ഒട്ടും അധൈര്യപ്പെടേണ്ടാ. നമ്മളേക്കാൾ ചെറിയ ഒരു ജനക്കൂട്ടമാണ് പാർസികൾ. അജ്ഞന്മാരും അധഃകൃതരും ദരിദ്രരും ആയ ഏഴു കോടി ജനത്തിന്റെ സ്ഥിതിനോക്കുക. ജനപ്പെരുപ്പമല്ല കാര്യമെന്നും സ്വാതന്ത്ര്യവും ബുദ്ധിശക്തിയും പ്രായോഗികജ്ഞാനവുമാണ് കാര്യമെന്നും ജെനറൽ വൃൾസ്സി ആഫ്രിക്കയിലെ ടെലലൽക്കബെർ യുദ്ധത്തിലും പച്ചീക്കൊ ദൈവെപ്പിലെ യുദ്ധത്തിലും വെച്ച് ലോകത്തെ പഠിപ്പിച്ചിട്ടുണ്ട്, അതുകൊണ്ട് നാം പിമ്പോട്ടും കീഴോട്ടും നോക്കാതെ മുമ്പോട്ടും മേല്പോട്ടും നോക്കി തല ഉയർത്തി പുരുഷത്വത്തോടെ നടക്കുക. റോമ്മായുടെ ആഹ്വാനങ്ങളെ നിന്ദ്യമായി കരുതുക.

Bribers, poisoners, heretics and apostates, pro fligate paramours of abandoned women, fathers of illegitimate children, wholesale murderers, youngsters unlawfully thrust into the papal chair, monsters of wickedness knee-deep in guilt-all representatives of Jesus Christ, all legitimate successors of the blessed Apostle Peter !!

---

$ Extracted ipasissimis verbis, from the Roman catholic historian cardinal Baronies & Gilbert Genebrand.,

Arch bishop of Aix (1537—1597) Vide his iv chron. Sacr. an. 901.

ശുഭം.

# പരസ്യം.

"മലങ്കര സഭയുടെ അടിത്തട്ടിൽ ഊറികിടക്കുന്ന മ്ലേച്ഛതകളെ കാണ്മാനും മണക്കുവാനും" ഉള്ള "അനുഭവങ്ങൾ" ഉണ്ടായിട്ടുള്ള റിത്തു പ്രസ്ഥാനക്കാൎക്ക ഈ എക്സ്റെ പരിശോധനയിൽനിന്നു പ്രത്യക്ഷീഭവിച്ചിട്ടുള്ളതും പാപ്പാമതത്തിൻെറ സൎവ്വാംഗം വ്യാപിച്ചു കിടക്കുന്നതുമായ മഹാമ്ലേച്ഛതകൾ 'കാണ്മാനും മണക്കുവാനും' തന്നെയല്ല, മൂക്കിനൊപ്പം ചെളിയിൽ ആണ്ടു നില്പാനും കൂടി ഉള്ള ഭാഗ്യമൊ, നിൎഭാഗ്യമൊ ഉണ്ടായതിൽ ഞാൻ അത്ഭുതപ്പെടുന്നു.

ഈ പുസ്തകം താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.

1. എബിനേസർ സ[illegible] സിക്രട്ടറി,
   [illegible], കുന്നംകുളം.

10 ബുക്കുകൾ ഒന്നായി വാങ്ങുന്നവൎക്ക തപാൽ കൂലി ഇനാം.

---

Printed & Published by Cheeran C. David.
Panchangam Press, Kunnamkulam.